# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2711 13.03.2020-ൽ മറുപടി നൽകേണ്ടത്.

## എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന ഭിന്നശേഷിക്കാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക ആനുകൂല്യം ലഭിക്കുവാൻ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി-യിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ആർ.പി.ഡബ്ല്യു .ഡി ആക്ട് (RPWD ACT) പ്രകാരം, കേന്ദ്ര സാമൂഹ്യ ശാക്തീകരണ വകുപ്പ് 04.01.2018 ലെ S.O 76 (E) പ്രകാരം പുറപ്പെടുവിച്ച ഗൈഡ് ലൈൻ അടിസ്ഥാനമാക്കിയാണ് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയത്. |
| (ബി) | ഭിന്നശേഷി വിഭാഗത്തിൽപെട്ടവർക്ക് എസ്.എസ്.എൽ.സി പരീക്ഷക്ക് എന്തൊക്കെ ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

## എസ്.എസ്.എൽ.സി. മാർച്ച് 2020 - സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യങ്ങൾ

ശ്രവണവൈകല്യം (HI), കാഴ്ചവൈകല്യം (VI), ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ (MR), ഓട്ടിസം, മസ്തിഷ്ക സംബന്ധമായ വൈകല്യം (CP), അസ്ഥിസംബന്ധമായ വൈകല്യം (OH), ഹീമോഫീലിയ, പഠനവൈകല്യം എന്നീ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ താഴെ നിഷ്കർഷിക്കുന്ന പ്രകാരം ഉള്ള പരീക്ഷാ ആനുകൂല്യങ്ങൾ അനുവദിക്കുന്നു.

### A) കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾ (Visually impaired)

i) ഓരോ മണിക്കൂറിനും പത്ത് മിനിറ്റ് വീതവും ബ്രെയ്‌ലി ലിപിയിൽ പരീക്ഷയെഴുതുന്നവർക്ക് 15 മിനിറ്റ് വീതവും അധികമായി ലഭിക്കുന്നതാണ്.

ii) ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ആവശ്യമെങ്കിൽ ഒഴിവാക്കുന്നതാണ്.

iii) ആവശ്യമെങ്കിൽ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

iv) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്കു വിഷയം ഒഴിവാക്കാവുന്നതും പകരം കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്ക്, ഇൻസ്ട്രുമെന്റൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാവുന്നതുമാണ്.

### B) ശ്രവണ വൈകല്യമുള്ള വിദ്യാർത്ഥികൾ (Hearing Impaired)

i) ഈ വിഭാഗം കുട്ടികളുടെ ഭാഷാ ജ്ഞാനക്കുറവ് പരിഗണിച്ച് അവർ എഴുത്തു പരീക്ഷയിൽ നേടുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്.

ii) ആവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിലേതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കംപ്യൂട്ടർ വിദ്യാഭ്യാസം (b) ഹോർട്ടികൾച്ചർ (c) കേറ്ററിംഗ് (d) ഡ്രോയിംഗ് ആന്റ് പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താല്പര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്. ഒന്നാം ഭാഷയിൽ രണ്ടു പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം തെരഞ്ഞെടുക്കേണ്ടതാണ്.

iii) ഓരോ പേപ്പറിനും മണിക്കൂറിന് പത്ത് മിനിറ്റ് അധിക സമയവും ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും അനുവദിക്കുന്നതാണ്.

### C) ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ (Loco Motor Disability/ OH), സെറിബ്രൽ പാൾസി (CP)

i) ശാരീരിക വൈകല്യം മൂലം കൈകൾ സ്വതന്ത്രമായി ചലിപ്പിക്കാൻ കഴിയാത്ത പരീക്ഷാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധിക സമയം അനുവദിക്കുന്നതാണ്.

ii) ഗ്രാഫ്, ഡയഗ്രം, ഡ്രോയിംഗ്, ജോമട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്ന് ആവശ്യമെങ്കിൽ ഒഴിവാക്കുന്നതാണ്.

iii) കൈകൾ ഉപയോഗിച്ച് എഴുതാൻ സാധിക്കാത്ത കുട്ടികൾക്ക് ഉത്തരം കേട്ടെഴുതുന്നതിന് സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്.

**D) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Mental Retardation and Autism)**

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മുകളിൽ സൂചിപ്പിച്ച A,B,C വിഭാഗക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അനുവദിക്കുന്നതാണ്. ഈ വിഭാഗം വിദ്യാർത്ഥികൾക്ക് തീയറി പേപ്പറുകൾക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്ക് പരീക്ഷ പാസ്സാകുന്നതിനു വേണ്ടി മാത്രമായി അനുവദിക്കുന്നതാണ്. സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ. ആയതിനാൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ആവശ്യപ്പെടാൻ പാടുള്ളൂ.

**E) പഠനവൈകല്യം (Specific Learning Disability – SLD/LD)**

1) സ്ക്രൈബ്, ഇന്റർപ്രെട്ടർ ഇവയിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളൂ.
2) ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധിക സമയവും ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും ലഭിക്കുന്നതാണ്.
3) പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്ഗ്രാഫിയ വിഭാഗത്തിന് ആവശ്യമെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്.
4) ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി (a) കംപ്യൂട്ടർ വിദ്യാഭ്യാസം, (b) ഹോർട്ടികൾച്ചർ, (c) കേറ്ററിംഗ്, (d) ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവ തെരഞ്ഞെടുക്കേണ്ടതാണ്.
5) ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും 2 വിഷയങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.
6) പഠനവൈകല്യമുള്ള കുട്ടികളിൽ ഡിസ്കാൽക്കുലിയ വിഭാഗത്തിന് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.
7) കണക്ക് വിഷയം ഒഴിവാക്കുന്ന പരീക്ഷാർത്ഥികൾ പകരമായി കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്സ്, വോക്കൽ മ്യൂസിക്ക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരീക്ഷ എഴുതേണ്ടതാണ്.

**F) ഹീമോഫീലിയ രോഗബാധിതരായ പരീക്ഷാർത്ഥികൾ**

1) ഓരോ പേപ്പറിനും മണിക്കൂറിന് 10 മിനിറ്റ് അധികസമയം
2) ആവശ്യമെങ്കിൽ സ്ക്രൈബിന്റെയോ ഇന്റർപ്രെട്ടറുടെയോ (ഏതെങ്കിലും ഒരാളുടെ) സേവനം
3) സ്ക്രൈബിന്റെ സേവനം അനുവദിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഡ്രോയിംഗ്, ഡയഗ്രം, ജ്യോമെട്രിക്കൽ ഫിഗേഴ്സ് തുടങ്ങിയവയിൽ നിന്നുള്ള ഇളവ് എന്നിവ അനുവദിക്കുന്നതാണ്.

(എ) മുതൽ (ഇ) വരെയുള്ള വിഭാഗങ്ങളിൽപ്പെട്ട ഏതെങ്കിലും പരീക്ഷാർത്ഥി ഒരു വിഷയത്തിന് പകരം മറ്റ് വിഷയങ്ങൾ തെരഞ്ഞെടുക്കുകയാണെങ്കിൽ ടി വിഷയങ്ങളുടെ പരീക്ഷ എസ്.എസ്.എൽ.സി. പൊതുപരീക്ഷകൾക്ക് ശേഷം അതാത് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സെന്ററുകളിൽ വച്ച് കേരള പരീക്ഷാഭവൻ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷയുടെ തീയതി പരീക്ഷാഭവനിൽ നിന്നും ലഭിക്കുന്നതാണ്. ഒന്നിലേറെ വിഷയങ്ങൾ ഒഴിവാക്കി പകരം വിഷയം തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ വ്യത്യസ്ഥ വിഷയങ്ങൾ 'ഓപ്ഷനായി' തെരഞ്ഞെടുക്കേണ്ടതാണ്. ഭാഷാവിഷയങ്ങൾ, കണക്ക് എന്നിവ ഒഴിവാക്കുന്ന കുട്ടികളുടെ നിരന്തര മൂല്യനിർണ്ണയം (C.E.) നടത്തേണ്ടത് അവർ പകരം തെരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തന്നെ ആയിരിക്കണം.

- മറ്റ് വിഭാഗങ്ങളിൽപ്പെടുന്ന വൈകല്യമുള്ളവർക്ക് ആയതു തെളിയിക്കുന്ന മെഡിക്കൽബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.